**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2170** — **05/05/2017 ൽ മറുപടിയ്ക്ക്**

## കശുവണ്ടി വ്യവസായ സംരക്ഷണം

**ചോദ്യം**
**ശ്രീ.എ.എൻ.ഷംസീർ**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാ ളികളുടെ നിലനിൽപിനും വ്യവസായം സംരക്ഷിക്കുന്നതിനും വേണ്ടി എന്തൊക്കെ കാര്യങ്ങൾ ആണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (എ) | 2015 സെപ്റ്റംബർ മാസം മുതൽ പൂട്ടിക്കിടന്നിരുന്ന കോർപ്പറേഷൻ ഫാക്ടറികൾ 2016 ഓണത്തിനു മുമ്പ് തുറന്നു പ്രവർത്തിപ്പിച്ചു. സർക്കാരിന്റെ നിരന്തര ഇടപെടലിനെ തുടർന്നാണ് ഇത് സാധിച്ചത്. കാപെക്സിന്റെ കീഴിലുള്ള ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു.<br>സ്വകാര്യ ഫാക്ടറികളിൽ ഭൂരിപക്ഷവും അടഞ്ഞു കിടന്നിരുന്ന സ്ഥിതിയിൽ നിന്നും സർക്കാർ ഇടപെടലിനെത്തുടർന്ന് നാനൂറി ലധികം സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. തൊഴിലാളികളുടെ തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി തോട്ടണ്ടി ലഭ്യമായിട്ടും തുറന്നു പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ ക്കെതിരെ സാധ്യമായ നിയമ നടപടിയും സ്വീകരിച്ചു വരുന്നു. സാമ്പത്തിക പ്രയാസത്താലും തോട്ടണ്ടി ലഭ്യമല്ലാത്തിനാലും പ്രതിസന്ധി നേരിടുന്ന കശുവണ്ടി മേഖലയെ സമഗ്രമായി പുനരുദ്ധരിക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയും പങ്കെടുത്തു നടത്തിയ ബന്ധപ്പെട്ട യോഗതീരുമാനത്തെ തുടർന്ന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കേരള കാഷ്യു ബോർഡ് എന്ന പേരിൽ രൂപീകരിക്കാൻ തീരുമാനമെടുത്തുകഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | തദ്ദേശീയമായി തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിച്ച് ഒരു പരിധി വരെ തോട്ടണ്ടി ദൗർലഭ്യം പരിഹരിക്കാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുകയാണ്. കശുവണ്ടിയുടെ ഉല്പാദനക്ഷമത കൂട്ടുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും വേണ്ടി കാപെക്സിന്റെയും കാഷ്യു കോർപ്പറേഷന്റെയും ഫാക്ടറി കോമ്പൗണ്ടുകളിലും ഇതര പ്രദേശങ്ങളിലുമായി ഗുണനിലവാരമുള്ള കശുമാവിൻതൈകൾ വച്ചു പിടിപ്പിച്ചു വരുന്നു. കയറ്റുമതി രംഗത്ത് നേരിടുന്ന മത്സരം ഒഴിവാക്കാനായി കാപെക്സ് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ നിന്നുള്ള ധനസഹായത്തോടെ കാപെക്സ് /കോർപ്പ റേഷൻ ഫാക്ടറികളിൽ ആധുനീകവൽക്കരണവും ഭാഗിക യന്ത്രവൽക്കരണവും നടത്തി വരുന്നുണ്ട്.<br>2016-17 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 30 കോടി രൂപ ആധുനീകവൽക്കരണത്തിനും ഭാഗീക യന്ത്രവൽക്കരണത്തിനും വകയിരുത്തിയിരുന്നു. എന്നാൽ കശുവണ്ടി വികസന കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത് ഫാക്ടറികൾ ഉടൻ തുറന്നു പ്രവർത്തിപ്പിക്കേണ്ട ആവശ്യം പരിഗണിച്ച് പ്രസ്തുത തുക ഉപയോഗിച്ച് ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കശുവണ്ടി വികസന കോർപ്പറേഷന് 75 കോടി രൂപാ അധികമായി അനുവദിച്ചിരുന്നു. ആയതിൽ 65 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>2017-18 ലെ ബഡ്ജറ്റിൽ ഫാക്ടറികളുടെ നവീകരണത്തിനും, ഭാഗികയന്ത്രവൽക്കരണത്തിനുമായി കശുവണ്ടി വികസന കോർപ്പറേഷന് 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ 1 കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും ബ്രാൻഡ് ബിൽഡിംഗിനായി അനുവദിക്കുകയും ചെയ്തു. ഇതിനു പുറമെ തോട്ടണ്ടി സംഭരണത്തിനായി കശുവണ്ടി |

| | | |
|---|---|---|
| | | വികസന കോർപ്പറേഷനും കാപെക്സിനുമായി 30 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകളിൽ നിന്ന് എടുത്ത വായ്പ തീർപ്പാക്കുന്നതിലേയ്ക്കായി ഗവൺ മെന്റിന്റെ 80 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. ഇതിനു പുറമെ കശുവണ്ടി വ്യവസായത്തിന്റെ വികസനത്തിനു വേണ്ടി 20 കോടി രൂപയും ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്.<br>കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷന്റെ ആവശ്യ പ്രകാരം പ്രസ്തുത കശുമാവിൻ തൈകൾ കർഷകർക്കും ഏജൻസികൾക്കും മറ്റ് ആവശ്യക്കാർക്കും 35/- രൂപാ നിരക്കിൽ വിതരണം ചെയ്തു വരുന്നു. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിലും കശുമാവ് കൃഷി ചെയ്ത് വരുന്നുണ്ട്. സംസ്ഥാന കാഷ്യൂ കൾട്ടിവേഷൻ ഏജൻസി മുഖാന്തിരം കശുമാവ് വ്യാപകമായ തോതിൽ കൃഷി ചെയ്തു വരികയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി കശുമാവ് തൈകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളും എടുത്തു വരുന്നു. തോട്ടം അടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ താല്പര്യമുള്ള തോട്ടം ഉടമകൾക്ക് പ്രോത്സഹനം നൽകുന്നതിനുള്ള ശ്രമങ്ങളും സർക്കാർ നടത്തി വരികയാണ്. ഇതിനകം തന്നെ പ്ലാന്റേഷൻ രംഗത്തെ സംഘടനകൾ ഇതിനായി മുന്നോട്ടുവന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ